# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5578 04/07/2013 ൽ മറുപടിയ്ക്ക്

### എസ്.സി/എസ്.റ്റി. വിദ്യാർത്ഥികളിൽ നിന്നും ഈടാക്കിയ ട്യൂഷൻ ഫീസ്

| | ചോദ്യം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>ശ്രീ. തോമസ് ചാണ്ടി | | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ കുട്ടികൾക്ക് ലഭിക്കുന്ന ലംപ്സംഗ്രാന്റ് സ്വകാര്യ സ്കൂൾ അധികൃതരും ചില സർക്കാർ സ്കൂളുകളും പി.റ്റി.എ. ഫണ്ട്, കെട്ടിട ഫണ്ട്, യൂറിൻ ഷെഡ് ഫണ്ട് എന്നീ ഇനങ്ങളുടെ പേരിൽ തിരികെ ഈടാക്കുന്നതും, ഇങ്ങനെ ഈടാക്കുന്ന തുകയ്ക്ക് രസീത് നൽകാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഇല്ല |
| (ബി) | ഇപ്രകാരം അനധികൃതമായി ഫണ്ട് പിരിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുമോ ; | (ബി) | ഫണ്ട് പിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ടവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ചില എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളിൽ എസ്.സി.എസ്.റ്റി. വിഭാഗം വിദ്യാർത്ഥികളുടെ ട്യൂഷൻ ഫീസ് പട്ടികജാതി വികസന ഓഫീസിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് പകരം സ്കൂൾ അധികൃതർ വിദ്യാർത്ഥികളിൽ നിന്നും നേരിട്ട് വാങ്ങുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

| | | | |
|---|---|---|---|
| (ഡി) | ഉണ്ടെങ്കിൽ ഇങ്ങനെ ഈടാക്കി യിട്ടുള്ള ട്യൂഷൻ ഫീസ് വിദ്യാർത്ഥികൾക്ക് തിരികെ നൽകാനുള്ള നിർദ്ദേശം നൽകുമോ? | (ഡി) | പരിശോധിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ